"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ക്ലീൻ കേരള കമ്പനി ലിമിറ്റഡിന്റെ എറണാകുളം ജില്ലയിലെ അസിസ്റ്റന്റ് മാനേജർ ആയിരുന്ന ശ്രീമതി ഗ്രീഷ്മ പി.വി., ടിയാളെ ജോലിയിൽ നിന്നും പിരിച്ചു വിട്ടതിനെതിരെ ബഹു. കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) No. 21254 /2024 നമ്പർ കേസിന്റെ വിധിന്യായം നടപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2157/2024/LSGD തീയതി,തിരുവനന്തപുരം, 11-11-2024

---

പരാമർശം:-

1. ശ്രീമതി ഗ്രീഷ്മ പി.വി. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്ക് നൽകിയ 13/06/2024ലെ നിവേദനം (Ext.P4).
2. ബഹു. കേരള ഹൈക്കോടതി മുൻപാകെ ശ്രീമതി. ഗ്രീഷ്മ പി.വി. ഫയൽ ചെയ്തിരുന്ന WP(C) No. 21254 /2024 നമ്പർ കേസിലെ 20/06/2024ലെ വിധിന്യായം.
3. ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടറുടെ 12/07/2024ലെ എ1/സി.കെ.സി.എൽ.3302/2024/എം.ഡി. നമ്പർ കത്ത്.
4. സ.ഉ.(സാധാ) നം. 1452/2024/തസ്വഭവ തീയതി 06/08/2024.
5. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 26/09/2024ലെ LSGD/PD/32741/2024-PH4 നമ്പർ അന്വേഷണ റിപ്പോർട്ട്.
6. ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടറുടെ 05/11/2024ലെ എ1/സി.കെ.സി.എൽ.1728/2024/എം.ഡി. നമ്പർ കത്ത്.

**ഉത്തരവ്**

ക്ലീൻ കേരള കമ്പനി ലിമിറ്റഡിലെ എറണാകുളം ജില്ലയിലെ അസിസ്റ്റന്റ് മാനേജർ ആയിരുന്ന ശ്രീമതി ഗ്രീഷ്മ പി.വി.യെ ജോലിയിൽ നിന്നും പിരിച്ചു വിടുകയും ടിയാളെ തൽസ്ഥാനത്ത് തിരിച്ചെടുക്കണമെന്ന് ആവശ്യപ്പെട്ട് ബഹു. കേരള ഹൈക്കോടതി മുൻപാകെ ശ്രീമതി. ഗ്രീഷ്മ പി.വി. WP(C) No. 21254 /2024 നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. ടി കേസിൽ പരാമർശം (2) വിധിന്യായം കൈപ്പറ്റി മൂന്ന് മാസത്തിനകം Ext. P4 നിവേദനം [പരാമർശം (1)] പരിശോധിച്ച്

ഉചിതമായ ഉത്തരവുകൾ പുറപ്പെടുവിക്കുവാൻ ബഹു. കേരള ഹൈക്കോടതി ഉത്തരവായിരുന്നു. ടി വിധിന്യായം 06/07/2024 ന് തദ്ദേശസ്വയംഭരണ വകുപ്പിന് ലഭിക്കുകയും രണ്ട് തവണ Extension Petition ഫയൽ ചെയ്യുകയും അനുവദിച്ചു കിട്ടിയ സമയപരിധി 24/10/2024ന് അവസാനിക്കുമെന്നതിനാൽ വിധിന്യായം പാലിക്കുന്നതിന് അധിക സമയം ആവശ്യപ്പെട്ടുകൊണ്ട് ബഹു. കോടതിയിൽ വീണ്ടും Extension Petition ഫയൽ ചെയ്തിരിക്കുന്നു.

2) ശ്രീമതി. ഗ്രീഷ്മ പി.വി.യുടെ നിവേദനത്തിന്മേൽ ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. ടി റിപ്പോർട്ട് പ്രകാരം ക്ലീൻ കേരള കമ്പനിയിൽ വാർഷിക കരാർ വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന ശ്രീമതി. ഗ്രീഷ്മ പി.വി., കമ്പനിയുടെ നയത്തിന് വിരുദ്ധ പ്രവർത്തനം നടത്തി കമ്പനിക്ക് വൻതോതിലുള്ള സാമ്പത്തിക നഷ്ടം വരുത്തിയിട്ടുണ്ടെന്നും അഴിമതി നടത്തിയതായും എറണാകുളത്തു നിന്നും ഇടുക്കിയിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തപ്പോൾ ടി ജില്ലയിലും എറണാകുളം ജില്ലയിൽ അവലംബിച്ചിരുന്ന രീതി പ്രാവർത്തികമാക്കുകയും കമ്പനിയ്ക്ക് നഷ്ടമുണ്ടാക്കിയതായും കമ്പനിക്കും ഹരിതകർമ്മസേയ്ക്കും ലഭിക്കേണ്ട തുക ഏജൻസികളുമായി ചേർന്ന് വൻതോതിൽ അഴിമതി നടത്താൻ പറ്റുന്ന സംവിധാനമായി ടിയാൾ മാറ്റുകയും ചെയ്തിരുന്നു. ക്ലീൻ കേരള കമ്പനിയിൽ എറണാകുളം ജില്ലാ മാനേജർ ആയി വാർഷിക കരാർ അടിസ്ഥാനത്തിൽ 15/01/2021 മുതൽ ജോലി ചെയ്തു വന്നിരുന്ന ശ്രീമതി. ഗ്രീഷ്മ.പി.വി., ജില്ലയിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ കാര്യക്ഷമമായി ഇടപെടാതെ വരികയും തുടർന്നു ഗുരുതരമായ പരാതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഉയരുകയും ചെയ്ത സാഹചര്യത്തിൽ ഇടുക്കി ജില്ലയിലേക്കും, ഇടുക്കി ജില്ലാ മാനേജർ ആയിരുന്ന ശ്രീ.സുബിൻ ബേബിയെ എറണാകുളം ജില്ലാ മാനേജരായും മാറ്റി നിയമിക്കുയും ബ്രഹ്മപുരം തീപിടിത്തവുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതിയുടെ കർശന നിർദ്ദേശ പ്രകാരം മാലിന്യ നീക്കം ധ്രുതഗതിയിൽ നടത്താനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തിയ പ്രവർത്തനങ്ങളുമായി ചേർന്ന് പ്രവർത്തിക്കുന്നതിൽ വീഴ്ച വരുത്തി കമ്പനിയുടെ യശസ്സിനു കോട്ടം തട്ടുന്ന രീതിയിൽ ഏജൻസികളെ സഹായിക്കുന്ന തരത്തിൽ പാഴ്വസ്തുക്കൾ അംഗീകരിച്ച വിലയിൽ നിന്നും വിലകുറച്ചാണ് കച്ചവടം നടത്തിയതെന്നും ഇക്കാരണത്താൽ കമ്പനിയ്ക്കും ഹരിതകർമ്മസേനയ്ക്കും ഭീമമായ നഷടം ഉണ്ടായിട്ടുണ്ടെന്നും കണ്ടെത്തിയിട്ടുള്ളതുമാണ്. ബെയ്ൽ ചെയത എച്ച്.എം -ന് 13/kgയും അൺബെയിൽഡിന് Rs.8/kg-യുമാണ് കമ്പനി അംഗീകരിച്ച എറണാകുളം ജില്ലയിലെ നിരക്ക്. എന്നാൽ ഏറണാകുളം ജില്ലാ മാനേജർ ആയിരുന്ന ശ്രീമതി.ഗ്രീഷ്മ പി.വി. HM Mix1, HM Mix 2, HM Mix 3 എന്നീ പുതിയ കാറ്റഗറികളിലായി തരംതിരിച്ച പ്ലാസ്റ്റിക്കിനെ വളരെ കുറഞ്ഞ നിരക്കിൽ ഉൾപ്പെടുത്തി കമ്പനിയുടെ അനുവാദമില്ലാതെ വിപണനം

നടത്തിയതിൽ വൻ അഴിമതി ഉണ്ടായിട്ടുണ്ട്.

3) ശ്രീമതി. ഗ്രീഷ്മ. പി.വി, ഇടുക്കി ജില്ലാ മാനേജർ ആയി ചാർജ്ജ് എടുത്ത 18-05-2023 മുതൽ ടിയാൾ എറണാകുളം ജില്ലയിൽ അവലംബിച്ചിരുന്ന രീതി പ്രാവർത്തികമാക്കുകയും ഇടുക്കി ജില്ലയിൽ ആലക്കോട് ഗ്രാമപഞ്ചായത്തിൽ നിന്നും 857.33 കി.ഗ്രാം പാഴ്വസ്തുക്കൾ നീക്കം ചെയ്തത് പരിരോധിച്ചപ്പോൾ തന്നെ മുൻ ഇടുക്കി ജില്ലാ മാനേജർ ആയിരുന്ന ശ്രീ. സുബിൻ ബേബി വിപണനം നടത്തിയതുമായി താരതമ്യം ചെയ്തപ്പോൾ കമ്പനിക്ക് നഷ്ടമുണ്ടായതായി തെളിഞ്ഞു. ഇടുക്കി ജില്ലയിലും എച്ച്.എം.1, എച്ച്.എം.2, എച്ച്.എം.3, എൽ.ഡി.പി.പി മിക്സ് തുടങ്ങിയ പുതുതായി കാറ്റഗറികൾ ഉണ്ടാക്കി കമ്പനിക്കും ഹരിതകർമ്മസേയ്ക്കും ലഭിക്കേണ്ട തുക ഏജൻസികളുമായി ചേർന്ന് വൻതോതിൽ അഴിമതി നടത്താൻ പറ്റുന്ന സംവിധാനമായി ടിയാൾ മാറ്റുകയും ചെയ്തു.

4) ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ റിപ്പോർട്ടിൽ ടിയാൾ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്ന് കണ്ടെത്തുകയും നിശ്ചിത നിരക്കിൽ നിന്നും വളരെ കുറഞ്ഞ നിരക്കിൽ പാഴ്വസ്തുക്കളുടെ കൈമാറ്റത്തിൽ ഉണ്ടായ സാമ്പത്തിക നഷ്ടത്തെക്കുറിച്ച് അന്വേഷണം നടത്തുന്നതും അഭികാമ്യമായിരിക്കും എന്ന് റിപ്പോർട്ട് ചെയ്യുകയും ചെയ്തിരുന്നു. ടിയാളുടെ കരാർ കാലാവധി 31-01-2024 തീയതിയിൽ അവസാനിക്കുകയും ടിയാൾ ഉൾപ്പെടെയുള്ള പ്രവർത്തനം മോശമായ കരാർ ജീവനക്കാരുടെ കാലാവധി പുതുക്കേണ്ടതില്ലായെന്ന് 13/02/2024ൽ കൂടിയ കമ്പനിയുടെ 43-ാമത് ഡയറക്ടർ ബോർഡ് തീരുമാനിക്കുകയും ചെയ്തിരുന്നു. എന്നാൽ ജില്ലാ മാനേജരുടെ ചാർജ് കൈമാറുന്നതിനായി പുതിയ ജീവനക്കാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് നിയമന നടപടികൾ ആരംഭിച്ചപ്പോൾ ലോകസഭാ തെരഞ്ഞെടുപ്പിന്റെ പ്രഖ്യാപനം ഉണ്ടാവുകയും തുടർന്ന് പുതിയ നിയമനം നടത്തുന്നതിന് വിഘാതമായി മാതൃകാപെരുമാറ്റച്ചട്ടം നിലവിൽ വരുകയും ചെയ്ത സാഹചര്യത്തിലാണ് ശ്രീമതി.ഗ്രീഷമ.പി.വി.യുടെ കമ്പനിയിലുള്ള സേവനം 18/05/2024-ലെ AO/2235/CKCL/2024-ാം നമ്പർ പ്രകാരം അവസാനിപ്പിച്ച് ഉത്തരവായത് എന്ന വിവരം പരാമർശം 6 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടർ ശ്രീ. അജിത് കുമാർ എം.പി.യെ പരാമർശം (4) പ്രകാരം WP (C) No. 21254/2024 നമ്പർ കേസിന്റെ വിധിന്യായം പാലിക്കുന്നതിന്റെ ഭാഗമായി അന്വേഷണം നടത്തുന്നതിന് നിയമിക്കുയും പരാമർശം (5) പ്രകാരം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. ടി അന്വേഷണ റിപ്പോർട്ടിൽ ടിയാളെ പിരിച്ചുവിടുന്നതിന്റെ മുന്നോടിയായി പ്രസ്തുത വിവരം അറിയിക്കുകയോ നേരിൽ കേൾക്കുവാനുള്ള അവസരം നൽകുകയോ ചെയ്തിട്ടില്ലായെന്ന് മാത്രമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. ഗ്രീഷ്മ പി.വി.യെ

നേരിൽ കേൾക്കുയും ടിയാന്റെ ഭാഗത്തു നിന്ന് തെറ്റുണ്ടായിട്ടില്ലെന്നു സമർത്ഥിക്കുവാനുള്ള തെളിവുകളൊന്നും ടിയാന്റെ പക്കൽ ഇല്ലായിരുന്നു. ശ്രീമതി ഗ്രീഷ്മ കമ്പനി എം. ഡി മുൻപാകെ സമർപ്പിച്ചിരുന്ന പരാതികളുടെയും ടിയാൾക്കു നൽകിയ മെമോയ്ക്കുള്ള മറുപടിയുടെയും പകർപ്പുകൾ ഹിയറിങ് വേളയിൽ ഹാജരാക്കിയിരുന്നെങ്കിലും, ആയതിന്റെ പകർപ്പുകളൊന്നും തന്നെ സർക്കാരിലോ, കോടതി മുൻപാകയോ മുൻപ് സമർപ്പിച്ചിട്ടില്ല. ശ്രീമതി. ഗ്രീഷ്മ പി.വി. ക്ലീൻ കേരള കമ്പനിയിൽ ജില്ലാ മാനേജരായി പ്രവർത്തിച്ചു വന്നത് കരാർ അടിസ്ഥാനത്തിലാണ്. ടിയാളുടെ കരാർ കാലാവധി 31-01-2024 തീയതിയിൽ അവസാനിച്ചിട്ടുള്ള സാഹചര്യത്തിൽ കമ്പനിയ്ക്ക് ദോഷമായി ബാധിക്കുന്ന രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ടിയാൾ ഉൾപ്പെടെയുള്ള പ്രവർത്തനം മോശമായ കരാർ ജീവനക്കാരുടെ കാലാവധി പുതുക്കേണ്ടതില്ലായെന്ന് 13/02/2024ൽ കൂടിയ കമ്പനിയുടെ 43-ാമത് ഡയറക്ടർ ബോർഡ് തീരുമാനിക്കുകയും എന്നാൽ ലോക് സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാതൃകാപെരുമാറ്റച്ചട്ടം നിലനിന്നിരുന്ന സാഹചര്യമായതിനാൽ 18-05-2024-ലെ A0/2235/CKCL/2024 നമ്പർ ഉത്തരവ് പ്രകാരമാണ് കരാർ കാലാവധി അവസാനിപ്പിച്ചത്. അതിനാൽ ശ്രീമതി. ഗ്രീഷ്മ പി.വി.യെ ക്ലീൻ കേരള കമ്പനിയിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ച കരാറിൽ ലംഘനമുണ്ടായതായി കണ്ടെത്താൻ സാധിച്ചിട്ടില്ല. കൂടാതെ ടിയാളുടെ പ്രവർത്തനത്തിലെ വീഴ്ച കാരണം കരാർ പുതുക്കാത്തതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

6) അപ്രകാരം പരാമർശം (1) ലെ Ext. P4 നിവേദനം നിരസിച്ചുകൊണ്ട് പരാമർശം (2) ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
ശ്രീമതി. ഗ്രീഷ്മ പി.വി., പ്ലാവട തൊട്ടുകാട്ടു വീട്, തെക്കേ വാഴകുളം പി.ഒ.,
ആലുവ, എറണാകുളം - 683105
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഐ&പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് കോപ്പി (ഐ.എ.2/118/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
Date: 11-11-2024 17:11:05
സെക്ഷൻ ഓഫീസർ